# SUMMATIVE ASSESSMENT - I [2012-13]
# CLASS: IX – MALAYALAM 2ND LANGUAGE
## മലയാളം

Time allowed: 3 hrs — M.Marks: 90

*അനുവദിച്ച സമയം: 3 മണിക്കൂർ* — *ആകെ മാർക്ക്: 90*

<u>*General Instructions:*</u>

- Please check that this question paper contains 3 printed pages.
- Please check that this question paper contains 4 questions
- Please write down the Serial Number of the question before attempting it.
- The Question Paper is divided in to four sections:-

  Section A: Reading Comprehension – 10 marks
  Section B: Writing – 20 marks
  Section C: Grammar – 12 marks
  Section D: Literature (Text book - 38 marks) + (Non Detailed – 10 marks) – 48 marks

## SECTION-A/ എ. വിഭാഗം (5 x 2 = 10 Marks)

I താഴെ കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

നാടകീയമായി രംഗപ്രവേശം ചെയ്യുന്ന കാലവർഷത്തെയും തുലാവർഷത്തെയും പറ്റി വ്യക്തമായ ധാരണയില്ലാതെ പരാജയത്തിന് പല സാധ്യതകളുമുള്ള നെൽകൃഷി ചെയ്യുന്നത് ആപത്കരം തന്നെയാണ്. മഴയെപ്പറ്റി ഒട്ടേറെ നാടോടി വിജ്ഞാനം (ഫോക്‌ലോർ) അനുഭവത്തിലൂടെ ഇന്ത്യൻ കർഷകർ സംഭരിച്ചിട്ടുണ്ട്. ഈ നാടോടിവിശ്വാസങ്ങളിൽ ഏറ്റവും മുഖ്യം ഞാറ്റുവേലയെപ്പറ്റിയുള്ള സങ്കല്പനമാകുന്നു. അയനചലനങ്ങളിൽ സൂര്യൻ ഒരാണ്ടിൽ അശ്വതി മുതലായ ഇരുപത്തെട്ട് നക്ഷത്രങ്ങളിൽ ഓരോന്നിൻെറയും അടുത്ത് 14 ദിവസം നിൽക്കുമല്ലോ. സൂര്യൻ ഓരോ നക്ഷത്രത്തിൻെറയും അടുത്തു നിൽക്കുന്ന കാലമാണ് ഞാറ്റുവേല (ഞായറ്റുവേല). രോഹിണി ഞാറ്റുവേലയിൽ ഇടവപ്പാതിയോടെ കേരളത്തിൽ ഒരു കാലവർഷം ആരംഭിക്കുന്നു. തിരുവാതിര ഞാറ്റുവേലയിൽ തിരിമുറിയാതെ മഴ പെയ്യുന്നു. ഞാറ്റുവേലയും മഴയുമായുള്ള ബന്ധത്തെ അടിസ്ഥാനപ്പെടുത്തി വിത്ത് കുതിർക്കാനും വിതയ്ക്കാനും ഞാറു നടാനും കൊയ്യാനും മറ്റുമുള്ള നല്ല ദിവസങ്ങൾ നാം നിർദ്ധാരണം ചെയ്തിരിക്കുന്നു.

(1) മഴയെപ്പറ്റിയുള്ള നാടോടിവിശ്വാസങ്ങളിൽ ഏറ്റവും മുഖ്യം ഏതാണ്? 2

(2) ഞാറ്റുവേല എന്നാൽ എന്ത്? 2

(3) കൃഷിയ്ക്കു പറ്റിയ നല്ല ദിനങ്ങൾ നാം നിർദ്ധാരണം ചെയ്യുന്നതെങ്ങനെ? 2

(4) നെൽകൃഷി ചെയ്യുന്നത് ആപത്കരം തന്നെയാണെന്നു പറയാൻ കാരണമെന്ത്? 2

(5) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. 2

## SECTION-B/ ബി. വിഭാഗം (20 Marks)

II (1) നിങ്ങളുടെ നാട്ടിലെ ഗതാഗതപ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഗതാഗതവകുപ്പുമന്ത്രിക്ക് ഒരു കത്തു തയ്യാറക്കുക. 8

(2) ഏതെങ്കിലും ഒരു ശൈലി സ്വന്തം വാക്യത്തിൽ എഴുതുക. 2

1. നാമാവശേഷം
2. സർവ്വോപരി

(3) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് വിവരിക്കുക 3

1. ചൊട്ടയിലെ ശീലം ചുടല വരെ
2. വിദ്യാധനം സർവധാനാൽ പ്രധാനം

(4) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക: 7

1. വിദ്യാഭ്യാസത്തിൽ വാർത്താമാദ്ധ്യമങ്ങളുടെ പങ്ക്
2. പരസ്യങ്ങൾ ജനങ്ങളിൽ ചെലുത്തുന്ന സ്വാധീനം
3. ലഹരിവസ്തുക്കളുടെ ഉപയോഗം - ദൂഷ്യഫലങ്ങൾ

## SECTION-C/ സി. വിഭാഗം (12 Marks)

III (1) (a) പ്രയോഗം മാറ്റുക 2

അക്ഷരങ്ങളാണ് ആശയങ്ങളെ സംവഹിക്കുന്നത്.

(b) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 2

സംസ്കാരവും അതിനാധാരമായ മൂല്യങ്ങളും രൂപപ്പെടുത്തുന്നതിൽ ദൃശ്യ-ശ്രവ്യമാധ്യമങ്ങൾ വഹിക്കുന്ന പങ്ക് ഗൗരവമായി ചർച്ചചെയ്യപ്പെടുന്നുണ്ടോ എന്നു സംശയമാണ്.

(c) അന്വാഖ്യാനരൂപത്തിലാക്കുക 2

കണ്ണൻ: "എന്തിനാ വല്യമ്മ കരയണത്?"
മാലതി: "അതു നിനക്കു മനസ്സിലാവില്ല കണ്ണാ."

(2) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 1

വീട്ടുപരിസരത്തിൽ ഒറ്റയ്ക്ക് ഏകാകിയായി അവൻ നിന്നു.

(3) ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക

1. 'ഭയം' വിപരീതപദമേത്? 1
(അക്ഷയം, സഭയം, ധൈര്യം, പേടി)
2. 'പൂവട' വിഗ്രഹിക്കുന്നതെങ്ങനെ?
(പൂവാകുന്ന അട, പൂവും അടയും, പൂവിൻെറ അട,
പൂ പോലെയുള്ള അട) 1
3. കുതിര - പര്യായമേത്? 1
(ദിനാന്തം, അശ്വം, കരി, ഹയം)
4. സ്ത്രീ - എതിർലിംഗമെഴുതുക. 1
(മഹിള, മർത്ത്യൻ, പുരുഷൻ, വനിത)
5. നാനാർത്ഥമെഴുതുക - ദീനം 1
(ദു:ഖം, മുഖം, രോഗം, സുഖം)

## SECTION-D/ ഡി. വിഭാഗം (48 Marks)

IV I (a) "ടൈംടേബിൾ വെച്ചാ ഞാൻ ജീവിച്ചത്. അനങ്ങിയാൽ മക്കള് കണ്ടു പിടിക്കും." ആരുടെ വാക്കുകൾ? സന്ദർഭമെഴുതുക. 4

(b) യുവത്വത്തെക്കുറിച്ച് ചെറുവാരേ ശങ്കരൻ കുട്ടി തൻെറ അഭിപ്രായ വ്യത്യാസം അറിയിച്ചപ്പോൾ അച്യുതൻ മാഷ് പ്രതികരിച്ചതെങ്ങനെ? 4

(c) മുദ്രണയന്ത്രം കണ്ടുപിടിച്ചതാര്? അതുകൊണ്ടുണ്ടായ മാറ്റമെന്ത്? 4



*Dr. Jitheesh, HOD, Malayalam, ISG*

(d) “പേടിക്കേണ്ട ഒരാളല്ല ഒരു ചങ്ങാതിതന്നെയാണ്.” അമ്മാളുവിന് കുറുപ്പിനെക്കുറിച്ച് ഇങ്ങനെ തോന്നിയതെപ്പോൾ? 4

II (a) “തന്നുടെ കാലിൻ ദണ്ഡം വിസ്മരിച്ചൊരു വൃദ്ധൻ” - എപ്പോൾ? 4

(b) ഇടശ്ശേരിയെക്കുറിച്ച് ഒരു കുറിപ്പെഴുതുക. 4

(c) താൻ വിശ്വസിച്ചതിൽ നിന്നു വ്യത്യസ്തമായ എന്തു സത്യമാണ് കുട്ടി മനസ്സിലാക്കിയത്? കവിതയിൽ നിന്നുള്ള സൂചനകൾ കണ്ടെത്തുക. 4

(d) കുട്ടി ചെന്നു വിളിച്ചപ്പോൾ കൂട്ടുകാരൻെറ വീട്ടിലുള്ളവർ പ്രതികരിച്ചത് എങ്ങനെയായിരുന്നു? 4

III ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.

(a) “അങ്ങേ വീട്ടിൽക്കയറേണ്ടതാ”ണെന്നു പറഞ്ഞിറങ്ങിപ്പോയത് 1
(തോഴൻ, അമ്മ, വൃദ്ധൻ, ജാമാതാവ്)

(b) “സഹപാഠികൾ” ഏതു കവിതാസമാഹാരത്തിൽപ്പെടുന്നു? 1
(മുത്തശ്ശി, മഴുവിൻെറ കഥ, സോപാനം, നിവേദ്യം)

(c) യോഗത്തിനു തുടക്കമിട്ടുകൊണ്ട് സംസാരിച്ചത് 1
(അച്യുതൻമാഷ്, രാമൻകുട്ടിനായർ, ശങ്കരൻകുട്ടി, രാമവാര്യർ)

(d) “ശുണ്ഠിക്കാരനാന്നാ എല്ലാരും പറഞ്ഞത്.” - ശുണ്ഠിക്കാരനെന്നു വിശേഷിപ്പിച്ചിട്ടുള്ളതാരെയാണ്? 1
(ജാമാതാവിനെ, വൃദ്ധനെ, കണ്ണനെ, കുറുപ്പിനെ)

(e) ‘പാഠാലയം’ എന്ന പദം പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുമ്പോൾ 1
(സവർണദീർഘസന്ധി, ആഗമസന്ധി, ഗുണസന്ധി, ആദേശസന്ധി)

(f) ‘വരവുചെലവുകൾ’ - സമാസമേത്? 1
(ബഹുവ്രീഹിസമാസം, ദ്വന്ദ്വസമാസം, തത്പുരുഷസമാസം, ദ്വിഗുസമാസം)

IV ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (2 X 5 = 10)

1. നരേന്ദ്രനിൽ ഒളിഞ്ഞിരുന്ന മേധ തെളിഞ്ഞുവരുന്ന ചിത്രങ്ങൾ വ്യക്തമാക്കുക.
2. ബിലേയുടെ ദാനശീലവും സംന്യാസിമാരുമായുള്ള അടുപ്പവും വിശദമാക്കുക.
3. വെയിൽസ് രാജകുമാരൻ ഭാരതം സന്ദർശിക്കാൻ എത്തിയപ്പോൾ നരേന്ദ്രനും കൂട്ടുകാർക്കും ഉണ്ടായ രസകരമായ അനുഭവമെന്തായിരുന്നു?